# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2551</u> | <u>27.01.2014-ൽ മറുപടിക്ക്</u>

### <u>പെൺകുട്ടികൾക്ക് 'റുബെല്ല' പ്രതിരോധ വാക്സിൻ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് 'റുബെല്ല' എന്ന പ്രതിരോധ വാക്സിൻ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങൾക്കായാണ് പ്രസ്തുത വാക്സിൻ നൽകുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് റുബെല്ല വാക്സിൻ നൽകുന്നതു വഴി റുബെല്ല രോഗം തടയുവാൻ സാധിക്കും. പെൺകുട്ടികൾ ഗർഭിണികളാവുന്ന സമയത്ത് റുബെല്ല രോഗം പിടിപെടുകയാണെങ്കിൽ ജനിക്കുന്ന കുട്ടികൾക്ക് തലച്ചോറ്, ചെവി, കണ്ണ്, ഹൃദയം എന്നിവയ്ക്ക് ഗുരുതരമായ രോഗം വരുവാനുള്ള സാധ്യതയുണ്ട്. കൂടാതെ ബധിരത, അന്ധത, ബുദ്ധിമാന്ദ്യം എന്നിവയും സംഭവിക്കാം. ഇതിനെ കൺജനിറ്റൽ റുബെല്ല സിൻഡ്രോം എന്നാണ് പറയുന്നത്. ഇത് തടയുന്നതിനായാണ് റുബെല്ല വാക്സിൻ കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് നൽകുന്നത്. |
| (സി) പ്രസ്തുത വാക്സിൻ പെൺകുട്ടികൾക്ക് നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ പഠനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വിശദാംശം ലഭ്യമാക്കാമോ ; | (സി) ലോകാരോഗ്യ സംഘടന അംഗീകരിച്ച വാക്സിനാണ് റുബെല്ല വാക്സിൻ. പെൺകുട്ടികൾക്ക് റുബെല്ല വാക്സിൻ നൽകുന്നതു വഴി ഭാവിയിൽ ഗർഭസ്ഥ ശിശുവിന് വരാവുന്ന നിരവധി അംഗ വൈകല്യങ്ങൾ (കൺജനിറ്റൽ റുബെല്ല സിൻഡ്രോം) ഫലപ്രദമായി തടയാൻ കഴിയുമെന്ന് വിവിധ രാജ്യങ്ങളിലെ പഠനങ്ങൾ വഴി കണ്ടെത്തിയിട്ടുള്ളതാണ്. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയിട്ടില്ല. ഇന്ത്യയിൽ മറ്റ് പല സംസ്ഥാനങ്ങളിലും കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് ഈ വാക്സിൻ നൽകിവരുന്നുണ്ട്. |
| (ഡി) സംസ്ഥാനത്ത് എത്ര ശതമാനം കുട്ടികൾ വൈകല്യത്തോടെ ജനിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ? | (ഡി) ബർത്ത് ഡിഫക്ട് സർവൈലൻസ് (Birth Defect Surveillance) പ്രോഗ്രാം സംസ്ഥാനതലത്തിൽ നടപ്പിലാക്കിയാൽ മാത്രമേ ഇതിന്റെ പൂർണ്ണമായ കണക്കുകൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തെ ചില പഠനങ്ങൾ സൂചിപ്പിക്കുന്നത് 7 മുതൽ 10 ശതമാനം വരെ കുഞ്ഞുങ്ങൾ ഗുരുതരവും അല്ലാത്തതുമായ വൈകല്യങ്ങളോടെ ജനിക്കുന്നു എന്നാണ്. |

സെക്ഷൻ ഓഫീസർ